**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 997** **10-08-2023 - ൽ മറുപടിയ്ക്ക്**

**മുട്ടിൽ മരം മുറി അഴിമതി കേസ് അന്വേഷണ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 24.10.2020-ലെ റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ മറവിൽ റിസർവ് മരങ്ങൾ മുറിച്ച് മാറ്റിയത് സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.<br>1. ആകെ മുറിച്ച തേക്ക് മരങ്ങൾ 2248 എണ്ണം , വ്യാപ്തം- 1612.121 $M^3$, വില -755.821 ലക്ഷം രൂപ<br>2. ആകെ മുറിച്ച ഈട്ടി മരങ്ങൾ 171 എണ്ണം , വ്യാപ്തം- 327.584 $M^3$ , വില -685.93 ലക്ഷം രൂപ.<br>3.ആകെ മുറിച്ച തേക്ക് & ഈട്ടി മരങ്ങൾ 2419 എണ്ണം , വ്യാപ്തം- 1939.705 $M^3$, വില -1441.751 ലക്ഷം രൂപ. |
| (സി) | പ്രസ്തുത റിപ്പോർട്ടിൽ ഉത്തരവാദപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; അവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ഉണ്ട്.<br>വിജിലൻസ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 25-06-2021-ലെ വി.ഇ.10-990/2021 അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അടിമാലി റെയിഞ്ചിലെ മുൻ ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ ആയ ശ്രീ.ജോജി ജോണിനെ സർക്കാർ 17-12-2021-ൽ സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്യുകയും 10-03-2022 ൽ ടിയാന് കുറ്റപത്രവും/കുറ്റാരോപണപത്രികയും നൽകി സർക്കാർ തലത്തിൽ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു. നിലവിൽ വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായ ഔപചാരിക അന്വേഷണം നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ ലക്കിടി ചെക്ക് പോസ്റ്റ് രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തി എന്ന കുറ്റത്തിന് ശ്രീ.വിനേഷ്.വി.എസ്(സെക്ഷൻ ഫോറസ്റ്റ് ഓഫീസർ), ശ്രീ.ശ്രീജിത്ത്.ഇ.പി (ബീറ്റ് ഫോറസ്റ്റ് ഓഫീസർ) എന്നീ രണ്ട് സംരക്ഷണ വിഭാഗം ജീവനക്കാരെ അന്വേഷണ വിധേയമായി നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സസ്പെൻഡ് ചെയ്തിട്ടുണ്ട്.<br><br>കൂടാതെ കണ്ണൂർ SIP അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുട്ടിൽ സെക്ഷനിൽ നടന്ന മരം മുറിയുമായി ബന്ധപ്പെട്ട് മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ നൽകിയ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച്ച വരുത്തുകയും കേസിലെ പ്രതികളുമായി ഔദ്യോഗിക ആവിശ്യങ്ങൾക്കപ്പുറമുള്ള ബന്ധമുണ്ടെന്ന് ആരോപണമുണ്ടായ സാഹചര്യത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ ബി.പി.രാജുവിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ.എം.പത്മനാഭൻ, റിട്ടയേഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.എം.മനോഹരൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെ അച്ചടക്കനടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ